(14) കെൽട്രോണിൽ നിന്ന് വി.ആർ.എസ്. പ്രകാരം പിരിഞ്ഞുപോയവരുടെ ആനുകൂല്യം നൽകണമെന്ന ആവശ്യം

ശ്രീ. പാലോട് രവി: സർ, കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതി പ്രകാരം വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് പിരിഞ്ഞുപോയ 625 തൊഴിലാളികളിൽ 350 പേർക്കാണ് വി.ആർ.എസ്. ആനുകൂല്യം നൽകിയത്. 90 ദിവസത്തിനകം മുഴുവൻ പേർക്കും ആനുകൂല്യം നൽകും എന്ന സർക്കാരിന്റെ ഉറപ്പ് ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഇതുമൂലം പല തൊഴിലാളി കുടുംബങ്ങളും പട്ടിണിയിലാണ്. പലരും ആത്മഹത്യയുടെ വക്കിലാണ്. ശമ്പളം ഇല്ല. ഈ പണവും കൊടുത്തില്ല. റേഷൻ വാങ്ങാൻ നിവൃത്തിയില്ലാത്ത പല കുടുംബങ്ങളുമുണ്ട്. കാരണം മാസംതോറും ശമ്പളം കിട്ടിക്കൊണ്ടിരുന്നു ; ഇപ്പോൾ ശമ്പളവും ഇല്ല, ഈ ആനുകൂല്യവും കൊടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്ക് നൽകാനുള്ള ആനുകൂല്യം നൽകി ആത്മഹത്യയിൽ നിന്ന് അവരെ രക്ഷിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. വളരെ ഗുരുതരമായ ഒരു സാഹചര്യമാണ് അത് മാധ്യത്തിന് അറിയാവുന്നതാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് ഏറ്റവും അവസാനത്തെ വിവരങ്ങൾ അറിയില്ല. 514 പേർക്ക് ഇതിനകം തന്നെ വി.ആർ.എസ്. പ്രകാരമുള്ള ആനുകൂല്യങ്ങൾ കൊടുത്തുകഴിഞ്ഞു. ഇനി 109 പേർക്ക് കൊടുക്കാനുണ്ട്. അത് അതിവേഗത്തിൽ കൊടുക്കുന്നതാണ്. 18 കോടി രൂപ ഇതിനകം കൊടുത്തുകഴിഞ്ഞു. 8 കോടി രൂപ ഉടൻതന്നെ, അടുത്ത ദിവസങ്ങളിൽത്തന്നെ, കൊടുക്കുന്നതാണ്.

(15) കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ, ഞാൻ കഴിഞ്ഞ പത്തു വർഷമായി ഈ സഭയിൽ ഉന്നയിക്കുന്ന ഒരു വിഷയമാണ് കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥയെക്കുറിച്ച്.

മി. സ്പീക്കർ : ഇത് പത്തു വർഷമല്ല, ഇനിയും ഉന്നയിക്കേണ്ടി വരും. കാരണം ആശുപത്രിയിൽ ആവശ്യങ്ങൾ കൂടിക്കൊണ്ടിരിക്കുകയല്ലേ ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : അതല്ല, ഇത് ആശുപത്രിയുടെ സൗകര്യം കൂട്ടുന്നതല്ല. ജില്ലകളിലെ ആശുപത്രികളിൽ നിന്ന് വ്യത്യസ്തമായി അവിടെ കേവലം 20 ഡോക്ടർമാരാണുള്ളത്. ആ 20 ഡോക്ടർമാരിൽ, ഒ.പി. യിലും കാഷ്വാലിറ്റിയിലും ഡോക്ടർമാരുടെ എണ്ണം കുറവാണ്. ഒ.പി. യിൽ ഡോക്ടർമാർ ഉണ്ടായാൽ കാഷ്വാലിറ്റിയിൽ ഡോക്ടർമാർ ഉണ്ടാകില്ല. ്യറൗണ്ട്സിലാണ് ഡോക്ടർ എങ്കിൽ, ഒ.പി. യിലും, കാഷ്വാലിറ്റിയിലും ഡോക്ടർമാർ ഉണ്ടാകില്ല. അതാണ് പ്രധാനമായ വിഷയം. അതോടൊപ്പം നാലു വർഷമായി അവിടെ സർജൻ ഇല്ല. ഇന്ന് ഞാൻ ഇവിടെ, നിയമസഭയിൽ ചോദിച്ച ചോദ്യത്തിന്റെ കൂട്ടത്തിൽ സ്റ്റാഫ് പറ്റേണിനെക്കുറിച്ച് ചോദിച്ചിട്ടുണ്ട്. മറ്റു ജില്ലാ ആശുപത്രികളിൽനിന്നും വ്യത്യസ്തമായി ഈ ആശുപത്രിക്ക് സ്റ്റാഫ് പാറ്റേൺ ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം. ഉണ്ട് എന്നാണ് മറുപടി. 1984-ൽ ആരംഭിച്ച കാസർഗോഡ് ജില്ലാ ആശുപത്രി ഏറെ പോരായ്മകളും ഇല്ലായ്മകളും മാത്രമുള്ള ഒരു ആശുപത്രിയാണ്. ഇതിന് മാറ്റമുണ്ടാകണം. ഇത് ഒരു ധർമ്മാശുപത്രിയാണ്. നാട്ടിൻപുറങ്ങളിലെ സാധാരണക്കാരായ ആളുകൾ ചികിത്സക്ക് ചെന്നെത്തുന്നത് ജില്ലാ ആശുപത്രികളിലാണ്. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാൻ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പ്രധാനമായും ആവശ്യപ്പെടാനുള്ളത്. മറ്റു ജില്ലാ ആശുപത്രികളിൽ നിന്നും വ്യത്യസ്തമായി സ്പെഷ്യാലിറ്റി യൂണിറ്റും ബ്ലഡ് ബാങ്കും ഇല്ലാത്ത ഒരു ജില്ലാ ആശുപത്രിയാണ് കാസർഗോഡുള്ളത്. അതോടൊപ്പം ഗൈനക്കോളജിസ്റ്റ് ആകെയുള്ളത് ഒന്നാണ്. ആ ഡോക്ടർ മൂന്ന് ഷിഫ്റ്റിലും ജോലിചെയ്യേണ്ടിവരുന്നു. ഏറെ പരിതാപകരമായ ഒരവസ്ഥയിലാണ് കാസർഗോഡ് ജില്ലാ ആശുപത്രി ഇന്ന് പ്രവർത്തിക്കുന്നത്. ആ ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് ഞങ്ങൾ ഒരു ദിവസം അവിടെ ചെന്ന് ആശുപത്രിയൊക്കെ പരിശോധന നടത്തിയിരുന്നു. കാസർഗോഡ് ജില്ലാ രൂപീകരണത്തോടുനുബന്ധിച്ച് ഹോസ്ദുർഗ്ഗ് താലൂക്കാശുപത്രി കാസർഗോഡ് ജില്ലാ ആശുപത്രിയായി ഉയർത്തുകയുണ്ടായി. 180 കിടക്കകളാണ് ഈ സ്ഥാപനത്തിനുള്ളത്. ആശുപത്രിക്കാവശ്യമായ 20 ഡോക്ടർമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിൽ 18 ഡോക്ടർമാരും 150-ഓളം മറ്റു ജീവനക്കാരും ജോലിനോക്കുന്നു. ഡോക്ടർമാരുടെ ലിസ്റ്റ്, ജനറൽ മെഡിസിൻ-1, ഗൈനക്കോളജിസ്റ്റ്-1, പീഡിയാട്രിഷൻ-3, അനസ്തറ്റിസ്റ്റ്-2, ഇ.എൻ.ടി-2, ഓർത്തോ-1, നേത്രവിഭാഗം-3 ദന്തവിഭാഗം-1, കാഷ്വാലിറ്റി-4, സർജനെ നിയമിച്ചു എങ്കിലും അദ്ദേഹം അവിടെ ചാർജ്ജെടുത്തിട്ടില്ല. അവിടെ മാത്രമല്ല പലയിടത്തും ഡോക്ടർമാർ ചാർജ്ജെടുക്കുന്നില്ല. ഈ ആശുപത്രിയിൽ കുറവുള്ള രണ്ടു ഡോക്ടർമാരുടെ ഒഴിവുകൾ ഉടനെതന്നെ നികത്തുന്നതാണ്. എക്സ്റേ, അൾട്രാ സൗണ്ട് സ്കാനർ, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, ആംബുലൻസ്, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങൾ ഇപ്പോൾ അവിടെ ഉണ്ട്. ബ്ലഡ് ബാങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. ജനറേറ്റർ ജില്ലാ പഞ്ചായത്ത് നൽകാം എന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും ഇതുവരെ വന്നിട്ടില്ല. ഇത് കിട്ടുന്ന മുറയ്ക്ക് ലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. ചെമ്മട്ടം വയലിൽ നാഷണൽ ഹൈവേയുടെ സമീപത്ത് 200 കിടക്കകളുള്ള ഒരുകെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. അതിന്റെ കൺസ്ട്രക്ഷൻ പൂർത്തിയായി ജില്ലാ ആശുപത്രി അങ്ങോട്ട് മാറ്റുന്നതോടുകൂടി മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly